REGIONAL NEWS UNIT, ALL INDIA RADIO, CALICUT
ആകാശവാണി
പ്രാദേശിക വാർത്തകൾ

തിയ്യതി: 17-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മലപ്പുറം ജില്ലയിൽ നിപ സമ്പർക്കപട്ടികയിൽ 175 പേർ ഉൾപ്പെടുന്നതായി മന്ത്രി വീണാ ജോർജ്.
- എട്ടാമത് ഇന്ത്യ ജലവാരം-2024 ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും.
- സ്വച്ഛത ഹി സേവാ അഭിയാൻ 2024 ഇന്ന് ആരംഭിക്കും.
- മൂന്നാം നരേന്ദ്രമോദി ഗവൺമെന്റ് 100 ദിവസം പൂർത്തിയാക്കി.
- ചൈനയിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ, നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും.

## വാർത്തകൾ വിശദമായി

**മലപ്പുറം ജില്ലയിൽ നിപ സമ്പർക്കപട്ടികയിൽ 175 പേർ ഉൾപ്പെടുന്നതായി മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. ഇതിൽ 74 പേർ ആരോഗ്യ പ്രവർത്തകരാണ്. 126 പേർ പ്രാഥമിക സമ്പർക്കപട്ടികയിലും 49 പേർ രണ്ടാം സമ്പർക്ക പട്ടികയിലുമാണ്. 104 പേരാണ് ഹൈറിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)......**

സമ്പർക്കപ്പട്ടികയിലെ 10 പേർ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. 13 പേരുടെ സ്രവം പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും, ഇതിന്റെ ഫലം കാത്തിരിക്കുകയാണെന്നും മന്ത്രി വീണാ ജോർജ് അറിയിച്ചു.

മരിച്ച 24 കാരന്റെ യാത്രാ വിവരങ്ങളും സമയവും അടങ്ങിയ റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് സമ്പർക്ക പട്ടികയിൽ ഉൾപ്പെടാൻ സാധ്യതയുള്ളവർ കൺട്രോൾ സെല്ലിൽ അറിയിക്കണം. മലപ്പുറം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് നിപ കൺട്രോൾ സെൽ പ്രവർത്തിക്കുന്നത്.

രോഗ പ്രതിരോധത്തിന് മരിച്ച വ്യക്തിയുടെ വീടിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ 66 ടീമുകൾ ഫീൽഡ് സർവെ നടത്തിവരികയാണ്. മമ്പാട്, വണ്ടൂർ, തിരുവാലി എന്നിവിടങ്ങളിൽ മൊത്തം 1,928 വീടുകളിൽ ഇന്നലെ സർവെ നടത്തി. മമ്പാട് പനിബാധിച്ച ഒരാൾ മാത്രമാണ് സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച തിരുവാലി, മമ്പാട് പഞ്ചായത്തുകളിലെ അഞ്ച് വാർഡുകളിൽ ട്യൂഷൻ സെന്ററുകളും അങ്കണവാടികളും അടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കരുതെന്നും നിർദ്ദേശം നൽകി. കണ്ടൈൻമെന്റ് സോണിൽ നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പോലീസിന് യോഗത്തിൽ നിർദ്ദേശം നൽകി. ഇന്നലെ രാവിലെയും വൈകിട്ടും മന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു. ജില്ലയിൽ പൊതുഇടങ്ങളിൽ മാസ്ക് നിർബന്ധമാക്കിയിട്ടുണ്ട്.

✪✪✪

എട്ടാമത് ഇന്ത്യ ജലവാരം-2024 ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. ഭാരത് മണ്ഡപത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു നാല് ദിവസത്തെ ആഗോള സമ്മേളനം ഉദ്ഘാടനം ചെയ്യും. 40 രാജ്യങ്ങളിലെ 200 പ്രതിനിധികളടക്കം നാലായിരത്തോളം പേർ പരിപാടിയിൽ പങ്കെടുക്കും. സമഗ്ര ജലവികസനത്തിനും, പരിപാലനത്തിനും പങ്കാളിത്തവും സഹകരണവും എന്നതാണ് ഈ വർഷത്തെ സമ്മേളന പ്രമേയം. രാജ്യത്തെ ഗ്രാമപഞ്ചായത്തുകൾ ജലസംരക്ഷണത്തിനും, മഴവെള്ള സംഭരണത്തിനും, ഭൂജല റീചാർജിംഗിനും, ജലവിതരണത്തിനും സ്വീകരിച്ച മികച്ച മാതൃകകൾ സമ്മേളനത്തിൽ പ്രദർശിപ്പിയ്ക്കും.

✪✪✪

പശ്ചിമ ബംഗാളിൽ സമരം ചെയ്യുന്ന ജൂനിയർ ഡോക്ടർമാർ ഉന്നയിച്ച നാലിൽ മൂന്ന് ആവശ്യങ്ങളും അംഗീകരിച്ചതായി മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. ഇന്നലെ രാത്രി കാളിഘട്ടിലെ വസതിയിൽ ജൂനിയർ ഡോക്ടർമാറുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഒരു വിഷയം കോടതിയുടെ പരിഗണനയിലാണ്. ഡോക്ടർമാരുടെ ആവശ്യമനുസരിച്ച് കൊൽക്കത്ത പോലീസ് കമ്മീഷണർ വിനീത് ഗോയലിനെ മാറ്റുമെന്നും പോലീസ് സേനയിലെ മാറ്റങ്ങൾ ഇന്ന് ഉച്ചയ്ക്ക് വിജ്ഞാപനത്തിലൂടെ പ്രാബല്യത്തിൽ വരുമെന്നും മമത പറഞ്ഞു.

ജൂനിയർ ഡോക്ടർമാരോട് ഡ്യൂട്ടിയിൽ ചേരാൻ മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. എന്നാൽ ഉറപ്പ് യാഥാർത്ഥ്യമാകുന്നതുവരെ കുത്തിയിരിപ്പ് സമരവും ഉപരോധവും തുടരുമെന്ന് പ്രതിഷേ ധിക്കുന്ന ഡോക്ടർമാർ പറഞ്ഞു.

✪✪✪

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷയുടെ വിവിധ ഘട്ടങ്ങളിൽ പരീക്ഷയെഴുതുന്നവരെ തിരിച്ചറിയാൻ ആധാർ ഓതന്റിക്കേഷന് കേന്ദ്രഗവൺമെന്റ് അനുമതി നൽകി. വൺ ടൈം രജിസ്ട്രേഷൻ മുതൽ, പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഘട്ടങ്ങളിലും ആധാർ ഉപയോഗിക്കാവുന്നതാണ്. പരീക്ഷകളിൽ ക്രമക്കേടും, കൃത്രിമങ്ങളും സംബന്ധിച്ച പരാതികളുടെ പശ്ചാത്തലത്തിലാണ് പേഴ്സണൽ മന്ത്രാലയം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

✪✪✪

ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്‌രിവാൾ ഇന്ന് ഡൽഹി മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചേക്കും. അദ്ദേഹം വൈകിട്ട് ലഫ്റ്റനന്റ് ഗവർണർ വിനയ്കുമാർ സക്സേനയെ കാണും. പകരം മുഖ്യമന്ത്രിയെ തീരുമാനിക്കാൻ പാർട്ടിയുടെ രാഷ്ട്രീയ കാര്യ സമിതി യോഗം ഇന്നലെ ചേർന്നു. നിയമസഭാ കക്ഷി യോഗം രാവിലെ ചേരുമെന്ന് പാർട്ടി നേതാവ് ഡൽഹി സൗരഭ്ഭരദ്വാജ് അറിയിച്ചു.

✪✪✪

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെക്കുറിച്ച് ഇറാന്റെ പരമോന്നത നേതാവ് നടത്തിയ പരാമർശങ്ങളെ വിദേശകാര്യ മന്ത്രാലയം ശക്തമായി അപലപിച്ചു. പരാമർശങ്ങൾ തെറ്റും സ്വീകരിക്കാനാവാത്തതുമാണെന്ന് വിദേശകാര്യ മന്ത്രാലയം ഡൽഹിയി ൽ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

വയനാട് ദുരന്തനിവാരണത്തിൽ പിണറായി ഗവൺമെന്റ് കള്ളക്കണക്ക് എഴുതുകയാണെന്ന് മുൻ കേന്ദ്രസഹമന്ത്രി V.മുരളീധരൻ ആരോപിച്ചു. സ്വന്തം പ്രചാരവേലയ്ക്കും ഫണ്ട് തട്ടിപ്പിനും ദുരന്തങ്ങളെ ഇങ്ങനെ ഉപയോഗിക്കുന്ന മറ്റൊരു ഗവൺമെന്റും രാജ്യത്തില്ലെന്ന് അദ്ദേഹം പറഞ്ഞു. മഹാപ്രളയം മുതൽ കോവിഡ് മഹാമാരി വരെ അഴിമതിക്ക് ഉപയോഗിച്ചവരാണ് ഇടതുവൺമെന്റെന്ന് അദ്ദേഹം ഫേസ്ബുക്ക് പോസ്റ്റിൽ കുറ്റപ്പെടുത്തി.

✪✪✪

വയനാട് ദുരന്തത്തിൽ, ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രതീക്ഷിത ചെലവുകളും, വരാനിരിക്കുന്ന അധിക ചെലവുകളും ഉൾപ്പെടുത്തി കേന്ദ്രത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളാണ് തെറ്റായി അവതരിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. കേന്ദ്രത്തിന് നൽകിയത് കേരളത്തിന് ആവശ്യപ്പെടാവുന്ന തുകയുടെ ഏകദേശ കണക്കാണെന്നും, ചെലവഴിച്ച തുകയുടെ കണക്കല്ലെന്നും ഓഫീസ് വ്യക്തമാക്കി.

✪✪✪

സ്വച്ഛത ഹി സേവാ അഭിയാൻ 2024 ന് ഇന്ന് തുടക്കമാകും. സ്വച്ഛ് ഭാരത് അഭിയാന്റെ പത്താം വാർഷിക വേളയിലാണ് രാജ്യവ്യാപകമായി ശുചീകരണ ക്യാമ്പെയിൻ ആരംഭിക്കുന്നത്. 'സ്വഭാവസ്വച്ഛത- സംസ്കാർ സ്വച്ഛത' എന്നതാണ് ഈ വർഷത്തെ പ്രമേയം.

വിനോദസഞ്ചാര കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, വാണിജ്യ മേഖലകൾ, ജലാശയങ്ങൾ, മൃഗശാലകൾ, വന്യജീവി സങ്കേതങ്ങൾ, പൊതു ശൗചാലയങ്ങൾ എന്നിവ കൂട്ടായ്മയിലൂടെ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ കാമ്പെയ്നിൽ ഉൾപ്പെടുന്നു. എല്ലാ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകും.

സമൂഹത്തിന്റെ സമ്പൂർണ ശുചിത്വമാണ് പരിപാടിയുടെ ലക്ഷ്യം. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 വരെയാണ് ക്യാമ്പെയിൻ.

✪✪✪

സ്വച്ഛതാ പക്വാഡയുടെ ഭാഗമായി എറണാകുളം ജില്ലയിലെ രണ്ടുദിവസത്തെ ശുചീകരണ പ്രവർത്തനങ്ങൾ രാവിലെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. എറണാകുളം ടൗൺ,

എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങളും, വൃക്ഷത്തൈ നട്ടുപിടിപ്പിക്കലും പക്വാഡയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

മൂന്നാം നരേന്ദ്രമോദി ഗവൺമെന്റ് 100 ദിവസം പൂർത്തിയാക്കി. ജന ജീവിതത്തെ ഗുണപരമായി സ്വാധീനിക്കുകയും, വികസിത് ഭാരത്@2047 ന് ശക്തമായ അടിത്തറയിടുകയും ചെയ്ത സുപ്രധാന സംരംഭങ്ങളും തീരുമാനങ്ങളും കൊണ്ട് ശ്രദ്ധയമാണ് ആദ്യ നൂറു ദിനങ്ങൾ.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)

15 ലക്ഷം കോടി രൂപയുടെ വൻ നിക്ഷേപം ഈ ദിവസങ്ങളിൽ കേന്ദ്രം നടത്തി. കാർഷിക, അടിസ്ഥാന സൗകര്യ മേഖലകൾക്ക് ശക്തി പകരുന്ന പ്രഖ്യാപനങ്ങൾക്കായിരുന്നു പ്രധാന്യം. ദരിദ്രർ, ഇടത്തരം, ദലിത്, ആദിവാസികൾ, സ്ത്രീകൾ, യുവാക്കൾ തുടങ്ങിയവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടാണ് ഈ പൗര കേന്ദ്രീകൃത തീരുമാനങ്ങൾക്ക് പിന്നിൽ.

സ്ത്രീകൾ നയിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും, യുവാക്കളുടെ വർദ്ധിച്ച പങ്കാളിത്തത്തിനും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളിലാണ് ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചത്. സാമൂഹിക ക്ഷേമത്തിൽ പ്രതിബദ്ധത പുലർത്തിയും പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുമാണ് കേന്ദ്ര ഗവൺമെന്റ് നൂറു ദിനം പിന്നിടുന്നത്.

✪✪✪

ചൈനയിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ, നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. സെമിയിൽ കൊറിയയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്.

✪✪✪

കേരളാ ക്രിക്കറ്റ് ലീഗ് സെമിഫൈനലുകൾ ഇന്ന് തിരുവനന്തപുരത്ത്. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ആദ്യസെമിയിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും.

വൈകിട്ട് ആറരയ്ക്ക് രണ്ടാം സെമിയിൽ  കൊല്ലം സെയ്‌ലേഴ്സ്, തൃശൂർ ടൈറ്റൻസിനെയും നേരിടും.  ലീഗിൽ 16 പോയിന്റുമായി ഏരീസ് കൊല്ലം സെയ്‌ലേഴ്സ് ആണ് മുന്നിൽ.  14 പോയിന്റുമായി കലിക്കറ്റാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക്  തൃശൂർ മാജിക് FC യെ തോൽപ്പിച്ചു. തിരുവനന്തപുരം  ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ മത്സരത്തിൽ T.M  വിഷ്ണു, ലാൽമാംഗെ സംഗ എന്നിവരാണ് കൊമ്പൻസിനായി ഗോളടിച്ചത്.

✪✪✪

ഫ്രാൻസിലെ ലിയോണിൽ നടന്ന വേൾഡ് സ്കിൽസ് 2024-ൽ ഇന്ത്യ 16 മെഡലുകളും മെഡലിയൻ ഓഫ് എക്സലൻസും നേടി. 70-ലധികം രാജ്യങ്ങളിൽ നിന്ന്  1400-ലധികം പേരാണ്  വിവിധ നൈപുണ്യ വിഭാഗങ്ങളിൽ മത്സരിച്ചത്. മെഡലുകൾ നേടിയ സംഘത്തെ കേന്ദ്ര മന്ത്രി ജയന്ത് ചൗധരി അഭിനന്ദിച്ചു.

✪✪✪

നാളത്തെ ആറൻമുള ഉത്രട്ടാതി ജലോത്സവം മുൻനിർത്തി പമ്പയാറ്റിലെ ജലനിരപ്പ് ക്രമീകരിക്കാൻ മണിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയേക്കുമെന്ന് ജില്ലാകളക്ടർ അറിയിച്ചു. കക്കാട്ടാറിന്റെയും, പമ്പയാറിന്റെയും തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്.  നദികളിൽ  ഒരു സാഹചര്യത്തിലും ഇറങ്ങാൻ പാടില്ലെന്ന്  ജാഗ്രതാ നിർദ്ദേശത്തിൽ പറയുന്നു.

✪✪✪

ഓണത്തോടനുബന്ധിച്ച് തൃശൂരിലെ  പുലിക്കളി നാളെ  വൈകിട്ട്. പുലികളിയിൽ പങ്കെടുക്കുന്ന ദേശങ്ങളുടെ  ചമയപ്രദർശനം തൃശ്ശൂരിൽ ആരംഭിച്ചു. ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ  ഉദ്ഘാടനം ചെയ്തു.

ഏഴു സംഘങ്ങളാണ് ഇത്തവണ പുലികളിയിൽ പങ്കെടുക്കുന്നത്. 51 പുലികളെ വരെ ഓരോ സംഘത്തിനും പങ്കെടുപ്പിക്കാൻ കഴിയും.

✪✪✪

കൊല്ലം ശാസ്താംകോട്ട ആനൂർകാവിൽ സ്കൂട്ടർയാത്രക്കാരിയെ കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികളെ 14 ദിവസത്തേക്ക്

കോടതി റിമാന്റ് ചെയ്തു. മുഹമ്മദ് അജ്മൽ, ഡോ. ശ്രീക്കുട്ടി എന്നിവർ മദ്യലഹരിയിൽ അമിതവേഗത്തിൽ കാറോടിച്ചതാണ് അപകടത്തിന് കാരണമായതെന്ന് പൊലീസ് കണ്ടെത്തിയിട്ടുണ്ട്. മൈനാഗപ്പള്ളി സ്വദേശി കുഞ്ഞുമോളാണ് അപകടത്തിൽ മരിച്ചത്.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ നേര്യമംഗലം റാണിക്കല്ലിന് സമീപം ഇന്നലെ വൈകിട്ട് ബൈക്കും സ്വകാര്യ ബസും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. മൂന്നാർ സന്ദർശിച്ച് മടങ്ങുകയായിരുന്ന പാലക്കാട് സ്വദേശികളായ അഫ്സൽ, അൻഷാദ് എന്നിവരാണ് മരിച്ചത്. ഇരുവരെയും ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ നേര്യമംഗലം റാണിക്കല്ലിന് സമീപം ഇന്നലെ വൈകിട്ട് ബൈക്കും സ്വകാര്യ ബസും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. മൂന്നാർ സന്ദർശിച്ച് മടങ്ങുകയായിരുന്ന പാലക്കാട് സ്വദേശികളായ അഫ്സൽ, അൻഷാദ് എന്നിവരാണ് മരിച്ചത്. ഇരുവരെയും ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

✪✪✪

പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെ കണ്ണൂർ ജില്ലയിൽ നിർമ്മിച്ച വീടുകളുടെ ഗൃഹപ്രവേശന കർമ്മത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് നടത്തും. ഏഴോം ഗ്രാമപഞ്ചായത്തിലാണ് ആദ്യ ഗൃഹപ്രവേശനം. 2024-25 വർഷത്തെ ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു വിതരണം ഉദ്ഘാടനവും ചടങ്ങിൽ നടത്തും.

✪✪✪